## 15 -ാം കേരള നിയമസഭ

## 6 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 559** **24-08-2022 - ൽ മറുപടിയ്ക്ക്**

## കോട്ടക്കൽ മണ്ഡലത്തിലെ സബ് ട്രഷറി കെട്ടിട നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്ന കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി, കോട്ടക്കൽ സബ് ട്രഷറികൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകളുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ; പ്രസ്തുത പ്രോപ്പസലുകളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്ന വളാഞ്ചേരി, സബ്ട്രഷറിയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് 10 സെന്റ് സ്ഥലം ട്രഷറി വകുപ്പിന് കൈമാറുന്നതിനുള്ള പ്രപ്പോസൽ നിലവിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരിഗണനയിലാണ്.<br><br>കോട്ടയ്ക്കൽ സബ്ട്രഷറിയ്ക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനായി ഗവൺമെന്റ് ഉടമസ്ഥതയിലോ സ്വകാര്യ ഉടമസ്ഥതയിലോ നാളിതു വരെ ഭൂമി ലഭ്യമായിട്ടില്ല. |
| (ബി) | പ്രസ്തുത ട്രഷറികളുടെ കെട്ടിട നിർമ്മാണത്തിനുള്ള സ്ഥലം ലഭ്യമായിട്ടുണ്ടോ; വളാഞ്ചേരി സബ് ട്രഷറി കെട്ടിടത്തിന് സ്ഥലം ലഭ്യമാക്കുന്നത് സംബന്ധിച്ച് ഗ്രാമവികസന കമ്മീഷണറേറ്റിൽ നിന്നും റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; | (ബി) | പ്രസ്തുത ട്രഷറികളുടെ കെട്ടിട നിർമ്മാണത്തിനുള്ള സ്ഥലം ലഭ്യമായിട്ടില്ല. വളാഞ്ചേരി സബ് ട്രഷറി കെട്ടിടത്തിന് സ്ഥലം ലഭ്യമാക്കുന്നത് സംബന്ധിച്ച് ഗ്രാമവികസന കമ്മീഷണറേറ്റിൽ നിന്നും റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പിൽ സമർപ്പിച്ചിട്ടുണ്ട്. |
| (സി) | സബ് ട്രഷറികളുടെ നിർമ്മാണത്തിന് സ്ഥലം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ട്രഷറി വകുപ്പ് ഡയറക്ടർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | (സി) | നിലവിൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിച്ചു വരുന്ന ട്രഷറികൾക്കു സ്ഥലം കണ്ടെത്തി സ്വന്തമായി കെട്ടിടം നിർമ്മിക്കുന്ന പ്രയത്നത്തിലാണ് വകുപ്പ് ഇപ്പോൾ. സംസ്ഥാനത്തെ ട്രഷറികൾക്കു സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികളിൽ നല്ലൊരു ശതമാനം തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള ഓഫീസുകളുടെ പരിഗണനയിലാണ്. ഏറ്റവും വേഗത്തിൽ ആയവ തീർപ്പാക്കി ലഭിക്കുന്നതിനായി കഴിയുന്നത്ര എല്ലാ ശ്രമങ്ങളും ഊർജ്ജിതമായി നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ